**Signature and Name of Invigilator**

1. (Signature) ______________________

(Name) ______________________

2. (Signature) ______________________

(Name) ______________________

**OMR Sheet No. :** ........................................................

(To be filled by the Candidate)

**Roll No.** | | | | | | | | |

(In figures as per admission card)

**Roll No.** ______________________

(In words)

**J 2 2 1 5**

# PAPER - III
# MALAYALAM

**Time : 2½ hours]** **[Maximum Marks : 150**

Number of Pages in this Booklet : **16** Number of Questions in this Booklet : **75**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of seventy five multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered on the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (1), (2), (3) and (4). You have to darken the circle as indicated below on the correct response against each item.

   **Example :** ① ② ● ④ where (3) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark your response at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There are no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचहत्तर बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका का नंबर OMR पत्रक पर अंकित करें और OMR पत्रक का नंबर इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (1), (2), (3) तथा (4) दिये गये हैं। आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** ① ② ● ④ जबकि (3) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं। यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते हैं, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें। हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं।**

# മലയാളം
# MALAYALAM
## PAPER - III

**Note :** This paper contains **seventy five (75)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **എഴുപത്തിയഞ്ച് (75)** ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട് (2)** മാർക്ക് വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

1. ഭാഷാ ചരിത്രത്തെ പരതന്ത്രഘട്ടം, സംക്രമണഘട്ടം സ്വതന്ത്രഘട്ടം എന്നു മൂന്നായി തിരിച്ചത്:
   (1) എ.ആർ. രാജരാജ വർമ്മ (2) കെ. ഗോദവർമ്മ
   (3) സി.എൽ. ആന്റണി (4) കെ.എം. ജോർജ്ജ്

2. **കാര്യം :** പൗലിനോസ് പാതിരിയുടെ വ്യത്യസ്ത ലത്തീൻ ഗ്രന്ഥങ്ങളിൽ സംസ്കൃതം അച്ചടിച്ചു കാണുന്നത് ഇന്നത്തെ മലയാള ലിപിയിലാണ്
   **കാരണം :** **(a)** പാതിരിയുടെ മലയാള സ്നേഹം
   **(b)** സംസ്കൃതം എഴുതുവാൻ ഈ ലിപിയാണ് അന്നു കേരളത്തിൽ ഉപയോഗിച്ചിരുന്നത്.
   (1) കാര്യം ശരി, കാരണം **(a)** ശരി
   (2) കാര്യം ശരി, കാരണം **(b)** ശരി
   (3) കാര്യം ശരി, കാരണം **(a)** -ഉം **(b)** -ഉം ശരി
   (4) കാര്യം ശരി, കാരണങ്ങൾ തെറ്റ്

3. രാമചരിതത്തെക്കുറിച്ച് വിശദമായ ഗവേഷണപഠനം നടത്തിയവർ: ശരിയായ ഗണമേത്?
   (1) കെ.എം. ജോർജ്ജ്, എം.എം. പുരുഷോത്തമൻ നായർ, പി.വി. കൃഷ്ണൻ നായർ, നടുവട്ടം ഗോപാലകൃഷ്ണൻ
   (2) ഇളംകുളം കുഞ്ഞൻപിള്ള, ആറ്റൂർ കൃഷ്ണ പിഷാരടി, പുതുശ്ശേരി രാമചന്ദ്രൻ, കെ. രാമചന്ദ്രൻ നായർ
   (3) ഇളംകുളം കുഞ്ഞൻ പിള്ള, എം വി. ശങ്കുണ്ണിനായർ, ഉണ്ണിക്കിടാവ്, പി. വി കൃഷ്ണൻ നായർ
   (4) കെ. എം. ജോർജ്ജ്, ഉണ്ണിക്കിടാവ്, പുതുശ്ശേരി രാമചന്ദ്രൻ, പി. വി. കൃഷ്ണൻ നായർ

4. 'കൊടുതല്ലോ ആചാര്യാദികളെ കൊലചെയ്‌വതു വിടുതേർ;
   വധ ബന്ധുക്കളെയെല്ലാം വിജയം രാജ്യാദികളും വേണ്ട.'
   ഏതു കൃതിയിൽ നിന്ന് ?
   (1) ഭാരതം ചമ്പു (2) ഭാരതഗാഥ
   (3) ഭാരതമാല (4) ഭാഷാ ഭഗവദ്ഗീത

5. ഹോയ്സാല രാജധാനിയായ 'ദോരസമുദ്രം' പരാമർശിക്കപ്പെടുന്ന കൃതി :

(1) ഉണ്ണിച്ചിരുതേവി ചരിതം (2) ഉണ്ണിയച്ചി ചരിതം
(3) ഉണ്ണിയാടി ചരിതം (4) അനന്തപുര വർണ്ണനം

6. കാളിദാസനെ കവികുലഗുരുവായി വന്ദിക്കുന്ന മണിപ്രവാള കാവ്യം ഏത്?

(1) പദ്യരത്നം (2) ചന്ദ്രോത്സവം (3) കൗണോത്തര (4) വൈശികതന്ത്രം

7. **കാര്യം :** കേരളീയ സന്ദേശകാവ്യങ്ങൾ മറ്റു സന്ദേശ കാവ്യങ്ങളിൽ നിന്നു വ്യത്യസ്തമാണ്.

**കാരണം :** (a) ചരിത്ര പരാമർശങ്ങളുടെ സമൃദ്ധി
(b) നായികാ വർണ്ണനകളുടെ ആധിക്യം

(1) കാര്യവും കാരണം **(a)** -ഉം ശരി
(2) കാര്യം ശരി, കാരണം **(b)** മാത്രം ശരി
(3) കാര്യം ശരി, കാരണം **(a)** -ഉം **(b)** -ഉം ശരി
(4) കാര്യം ശരി, കാരണങ്ങൾ തെറ്റ്

8. 'കണ്ടാമല്ലോ തളിയിലിരുവം കൂത്തു നാമ ന്റൊരിക്കൽ' എന്ന ഉണ്ണുനീലിസന്ദേശ പദ്യഭാഗത്തു പരാമർശിക്കപ്പെടുന്ന ' ഇരുവംകൂത്ത് ' ഏതു കലാരൂപമാണ് ?

(1) ചാക്യാർ കൂത്ത് (2) നങ്ങ്യാർ കൂത്ത് (3) കൂടിയാട്ടം (4) പാഠകം

9. തൻ കിടാവിനോടൊപ്പമങ്ങുന്നു താലോലിച്ച
പൈങ്കിളിപ്പിടയുടെ പഞ്ചമസ്വരാലാപം
ഇരുളിൽ മയങ്ങിയ ലോകത്തെയുണർത്തിയി
ട്ടരുണ പ്രഭവീശും സുപ്രഭാതത്തെക്കാട്ടി
എന്നു എഴുത്തച്ഛനെ പ്രകീർത്തിക്കുന്ന കവി :

(1) കുമാരനാശാൻ (2) വള്ളത്തോൾ (3) ഉള്ളൂർ (4) സച്ചിദാനന്ദൻ

10. 'സ്വസ്തി ശ്രീ ഓം കൊ പാക്കരനിരവിവർമ്മൻ തിരുവടിക്കു ച്ചെല്ലാ നിന്റയാണ്ടെ ക്കെതിർ നാല്പത്താറാമാണ്ടു.....' എന്നു തുടങ്ങുന്ന ശാസനം ഏത് ?

(1) തരിസാപ്പള്ളി ശാസനം (2) വാഴപ്പള്ളി ശാസനം
(3) അവിട്ടത്തൂർ ശാസനം (4) തിരുനെല്ലി ശാസനം

11. ഭാഷാ കൗടലീയത്തിന്റെ സംസ്കരണം നിർവഹിച്ചവർ :

(1) കെ. സാംബശിവശാസ്ത്രി, വി.എ. രാമസ്വാമി ശാസ്ത്രി, കെ.എൻ. എഴുത്തച്ഛൻ
(2) കെ. സാംബശിവശാസ്ത്രി, കെ.എൻ. എഴുത്തച്ഛൻ, സി.എൽ. ആന്റണി
(3) വി.എ. രാമസ്വാമി ശാസ്ത്രി, എൽ.വി. രാമസ്വാമി അയ്യർ, ഉള്ളൂർ
(4) എൽ.വി. രാമസ്വാമി അയ്യർ, കെ.എൻ. എഴുത്തച്ഛൻ, ഉള്ളൂർ

12. പ്രാചീന മലയാള ഗദ്യത്തിലെ പദങ്ങൾ അർത്ഥമനുസരിച്ച് ഗണം ശരിയാക്കുക.

(1) നിഴൽ - പ്രതിനിധി ; കച്ചം - സമയം
    പൊഴുതു - വ്യവസ്ഥ ; ഇണങ്ങർ - കൂട്ടം

(2) നിഴൽ - സമയം ; കച്ചം - വ്യവസ്ഥ
    പൊഴുതു - കൂട്ടം ; ഇണങ്ങർ - പ്രതിവിധി

(3) നിഴൽ - പ്രതിനിധി ; കച്ചം - വ്യവസ്ഥ
    പൊഴുതു - സമയം ; ഇണങ്ങർ - കൂട്ടം

(4) നിഴൽ - സമയം ; കച്ചം - കൂട്ടം
    പൊഴുതു - വ്യവസ്ഥ ; ഇണങ്ങർ - പ്രതിനിധി

13. പെണ്ണെന്താടാ? പിഞ്ചെന്താടാ? ആണായിപ്പിറന്നാൽ ഒരു ഒറ്റ പെരുങ്കൈയ്യെങ്കിലും നോക്കണം. - സി. വി. രാമൻപിള്ളയുടെ ഏതു കഥാപാത്രമാണിങ്ങനെ പറയുന്നത് ?

(1) പെരിഞ്ചക്കോടൻ (2) ഉഗ്രഹരിപഞ്ചാനനൻ
(3) കാളിയുടയാൻ ചന്ത്രക്കാരൻ (4) ഉമ്മിണിപ്പിള്ള

14. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | മർക്കോസ് ആശാരി | (i) | കോവിലൻ |
| (b) | ശങ്കുവാശാൻ | (ii) | ഉറൂബ് |
| (c) | മായൻ | (iii) | എൻ. എസ്. മാധവൻ |
| (d) | ഉണ്ണീരി മുത്തപ്പൻ | (iv) | വി. കെ. എൻ |
| | | (v) | സി. വി. രാമൻപിള്ള |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (v) | (ii) | (i) |
| (2) | (i) | (iv) | (iii) | (ii) |
| (3) | (ii) | (i) | (v) | (iv) |
| (4) | (iv) | (i) | (iii) | (v) |

15. 'ജീൻ ക്രിസ്റ്റോഫ്' മലയാളത്തിലേക്കു വിവർത്തനം ചെയ്തത് :

(1) സി. മാധവൻ പിള്ള (2) രവിവർമ്മ
(3) എസ്.കെ. വസന്തൻ (4) എം.പി. സദാശിവൻ

16. താഴെ കൊടുത്തവയിൽ രാഷ്ട്രീയ നോവൽ ഏത് ?

(1) ചുവപ്പുനാട (2) മരണം ദുർബ്ബലം (3) കണ്ണാടി (4) വേരുകൾ

17. നിറന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽ കൂട്ടി ത്തിറമൊടുകെട്ടി -
ഈ പദ്യ ഭാഗത്തിന്റെ ശ്രദ്ധേയത :

(1) സംസ്കൃത മലയാള മേളനം (2) ദാർശനികത
(3) ക്രിയകളുടെ തുടർച്ചയും മലയാളിത്തവും (4) ഭക്തിരസമാധുര്യം

18. സമകാലിക സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ നമ്പ്യാർക്കവിതയെ പഠിച്ചവർ:

(1) ബി. രാജീവൻ. പി. പവിത്രൻ

(2) വി.സി. ശ്രീജൻ, പി.എസ്. രാധാകൃഷ്ണൻ

(3) സി. രാജേന്ദ്രൻ, സുനിൽ. പി. ഇളയിടം

(4) കെ.എൻ. ഗണേശ്, ഇ.വി. രാമകൃഷ്ണൻ

19. ഇരുന്നൂറു വർഷം മുമ്പ് കേരളത്തിൽ സ്ഥാപിച്ച കോളജ്:

(1) ബ്രണ്ണൻ കോളജ് (2) വിക്ടോറിയ കോളേജ്

(3) കോട്ടയം കോളജ് (4) മലബാർ ക്രിസ്ത്യൻ കോളജ്

20. ചേർച്ചയുള്ള ഗണമേത് ?

(1) ഘാതകവധം, പുല്ലേലി കുഞ്ചു, ഫുൽമോനി എന്നും കോരുന്ന എന്നും പേരായ രണ്ടുസ്ത്രീകളുടെ കഥ, സരസ്വതീവിജയം

(2) ഇന്ദുലേഖ, മറിയാമ്മനാടകം, സഞ്ചാരിയുടെ പ്രയാണം, വേദതർക്കം

(3) മാർത്താണ്ഡവർമ്മ, പുല്ലേലി കുഞ്ചു, ശാരദ, വിരുതൻ ശങ്കു

(4) മറിയാമ്മനാടകം, വേദതർക്കം, പ്രയാണം, സരസ്വതീവിജയം

21. ശരിയായി ചേർത്തെഴുതുക.

(a) ഭാഷാപോഷിണി (i) ഫ്രെഡറിക് മ്യൂളർ

(b) പശ്ചിമോദയം (ii) എ. ബാലകൃഷ്ണപിള്ള

(c) വിദ്യാവിനോദിനി (iii) കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള

(d) കേസരി (iv) സി.പി. അച്യുതമേനോൻ

(v) കെ.സി. നാരായണൻ നമ്പ്യാർ

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (ii) | (iv) | (v) |
| (2) | (iii) | (i) | (iv) | (ii) |
| (3) | (ii) | (iii) | (i) | (iv) |
| (4) | (v) | (i) | (ii) | (iii) |

22. ബഹുഭർത്തൃത്വം സൃഷ്ടിക്കുന്ന സംഘർഷം ചിത്രീകരിക്കുന്ന കാവ്യമാണ്:

(1) നങ്ങേമക്കുട്ടി (2) സുഫല (3) പാഞ്ചാലി (4) റബ്ബർ വൈഫ്

23. ഏറ്റവും ശരിയായ ഗണമേത് ?

(1) യുഗപരിവർത്തനം, കാവ്യനർത്തകി, ഊഞ്ഞാലിന്മേൽ, നങ്ങേമക്കുട്ടി

(2) യുഗപരിവർത്തനം, ലീല, കാവ്യനർത്തകി, ഊഞ്ഞാലിന്മേൽ

(3) യുഗപരിവർത്തനം, കാവ്യനർത്തകി, ഊഞ്ഞാലിന്മേൽ, സർഗ്ഗസംഗീതം

(4) യുഗപരിവർത്തനം, കാവ്യനർത്തകി, അച്ഛനും മകളും, സർഗ്ഗസംഗീതം

24. ശരിയായി ചേർത്തെഴുതുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | ഇടശ്ശേരിപ്പാലം | (i) | ചെറിയാൻ. കെ. ചെറിയാൻ |
| (b) | മത്തങ്ങ | (ii) | പി.പി. രാമചന്ദ്രൻ |
| (c) | മഴതൻ മറ്റേതോ മുഖം | (iii) | കടമ്മനിട്ട |
| (d) | പാലാഴി മഥനം | (iv) | വിജയലക്ഷ്മി |
| | | (v) | പി. രാമൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (i) | (iv) | (ii) | (v) |
| (2) | (iii) | (v) | (iv) | (i) |
| (3) | (v) | (i) | (ii) | (iii) |
| (4) | (ii) | (iii) | (iv) | (i) |

25. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | കീചകവധം | (i) | വയസ്കര മൂസ്സ് |
| (b) | ബകവധം | (ii) | ഇരയിമ്മൻ തമ്പി |
| (c) | ദുര്യോധനവധം | (iii) | വി.കൃഷ്ണൻ തമ്പി |
| (d) | താടകാവധം | (iv) | കോട്ടയത്തു തമ്പുരാൻ |
| | | (v) | അശ്വതി തിരുനാൾ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (iv) | (i) | (iii) |
| (2) | (ii) | (iii) | (i) | (v) |
| (3) | (ii) | (iv) | (iii) | (i) |
| (4) | (iv) | (iii) | (i) | (v) |

26. 'വരുമിവിടെയങ്ങയെക്കുമ്പിടാനിന്നുള്ളൊ-

രരികളുടെ മക്കളും മക്കൾതൻ മക്കളും'

ആത്മവിശ്വാസം നിറഞ്ഞ ഈ വരികൾ എഴുതിയത് ?

(1) ആശാൻ (2) ഉള്ളൂർ

(3) വെണ്മണി മഹൻ (4) ജി. ശങ്കരക്കുറുപ്പ്

27. ചേരുംപടി ചേർക്കുക.

| **പട്ടിക - I** | | **പട്ടിക - II** | |
|---|---|---|---|
| (a) | കലംകാരി | (i) | മനോജ് കുറൂർ |
| (b) | ഇടച്ചേരി | (ii) | ബിന്ദു കൃഷ്ണൻ |
| (c) | തൊട്ടാൽ വാടരുത് | (iii) | എ. സി. ശ്രീഹരി |
| (d) | കോമ | (iv) | പി. പി. രാമചന്ദ്രൻ |
| | | (v) | പി. രാമൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (iii) | (ii) | (i) |
| (2) | (v) | (i) | (iv) | (iii) |
| (3) | (iv) | (ii) | (i) | (iii) |
| (4) | (iii) | (i) | (ii) | (v) |

28. 'ഒരു തുള്ളി രക്തം', ' ഇത്തിരി മാത്രം രക്തം'എന്നീ കവിതകൾ എഴുതിയത് :

(1) വയലാർ, അയ്യപ്പപ്പണിക്കർ
(2) വയലാർ, വൈലോപ്പിള്ളി
(3) വയലാർ, ചങ്ങമ്പുഴ
(4) അയ്യപ്പപ്പണിക്കർ, വൈലോപ്പിള്ളി

29. ചേരുംപടി ചേർക്കുക :

| **പട്ടിക - I** | | **പട്ടിക - II** | |
|---|---|---|---|
| (a) | കാലമതീവ വിശാലം, കാമിനി<br>കളയുക കരയും ശീലം, നാമിനി | (i) | ഇടശ്ശേരി |
| (b) | എവിടെ ജോൺ!<br>സ്വരം താഴ്ത്തി ഞാൻ ചോദിച്ചു<br>അവനു ഞാനല്ല, കാവലാൾ പോവുക | (ii) | അയ്യപ്പപ്പണിക്കർ |
| (c) | അംബ പേരാറേ, നീ മാറിപ്പോമോ<br>ആകുലയാമൊരഴുക്കു ചാലായ് | (iii) | ചങ്ങമ്പുഴ |
| (d) | അദ്വൈതാമല ഭാവസ്പന്ദിത<br>വിദ്യുന്മേഖല പൂകീ ഞാൻ | (iv) | ബാലചന്ദ്രൻ ചുള്ളിക്കാട് |
| | | (v) | എൻ.എൻ. കക്കാട് |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (i) | (v) | (ii) | (iv) |
| (2) | (iii) | (i) | (iv) | (v) |
| (3) | (v) | (iv) | (i) | (iii) |
| (4) | (ii) | (iv) | (i) | (iii) |

30. താഴെ കൊടുത്തവയിൽ ഫെമിനിസ്റ്റു കാഴ്ചപ്പാടിൽ എഴുതപ്പെട്ട കവിത:

(1) ഊഞ്ഞാലിൽ
(2) തുലാവർഷപ്പച്ച
(3) മൃഗശിക്ഷകൻ
(4) സ്നേഹത്തെക്കുറിച്ച് ഒരു ഗീതം

31. താഴെ കൊടുത്തിരിക്കുന്നവയിൽ കുട്ടമത്തു കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പിന്റേതല്ലാത്ത നാടകം:

(1) ദേവയാനീ ചരിതം
(2) വിദ്യാ ശംഖധ്വനി
(3) ബാലഗോപാലൻ
(4) ലങ്കാ ദഹനം

32. ശ്രീകണ്ഠൻ നായരുടെ നാടകങ്ങൾ :
ശരിയായ രചനാക്രമമേത് ?
(1) കാഞ്ചനസീത, സാകേതം, ലങ്കാലക്ഷ്മി, കലി
(2) കാഞ്ചനസീത, ലങ്കാലക്ഷ്മി, സാകേതം, കലി
(3) സാകേതം, ലങ്കാലക്ഷ്മി, കാഞ്ചനസീത, കലി
(4) കലി, കാഞ്ചനസീത, സാകേതം, ലങ്കാലക്ഷ്മി

33. മഹാഭാരതത്തിന്റെയും മഹാപ്രസ്ഥാനത്തിന്റെയും ഭാവ ഗരിമയെ ആവാഹിക്കുന്ന ശങ്കരപ്പിള്ളയുടെ നാടകം :
(1) മൂധേവിത്തെയ്യം (2) ഇടാൻ മറന്ന ഇഴ
(3) കറുത്ത ദൈവത്തെത്തേടി (4) പൂജാമുറി

34. ശരിയായാ രചനാക്രമമേത് ?
(1) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, മറക്കുടയ്ക്കുള്ളിലെ മഹാനരകം, ഋതുമതി, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി
(2) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, ഋതുമതി, മറക്കുടയ്ക്കുള്ളിലെ മഹാനരകം, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി
(3) ഋതുമതി, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, മറക്കുടയ്ക്കുള്ളിലെ മഹാനരകം, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി
(4) മറക്കുടയ്ക്കുള്ളിലെ മഹാനരകം, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, ഋതുമതി, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി.

35. ഒരു കാലഘട്ടത്തിൽ കേരളത്തിൽ നിന്നു തെക്കൻ കർണ്ണാടകത്തിലേക്കു നടന്ന കുടിയേറ്റ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഉള്ള തിരക്കഥ:
(1) വിഷകന്യക (2) അരപ്പട്ട കെട്ടിയ ഗ്രാമത്തിൽ
(3) വിധേയൻ (4) കടവ്

36. ചേരുംപടി ചേർക്കുക :

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | ശരശയ്യ | (i) | റേഡിയോ ആവിഷ്കാരം |
| (b) | നിങ്ങളാരെ കമ്മ്യൂണിസ്റ്റാക്കി | (ii) | വിവർത്തനം |
| (c) | കടശ്ശിക്കളി | (iii) | പ്രതിനാടകം |
| (d) | ശലോമി | (iv) | കുട്ടികളുടെ നാടകം |
| | | (v) | രണ്ടാം ഭാഗം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (v) | (iii) | (ii) | (i) |
| (2) | (ii) | (iv) | (i) | (v) |
| (3) | (iv) | (i) | (ii) | (iii) |
| (4) | (iii) | (ii) | (iv) | (i) |

37. 'ഭാരതസ്ത്രീകൾ- വൈദികകാലം മുതലുള്ള സംസ്കൃത സാഹിത്യത്തിൽ' എന്ന കൃതിയുടെ കർത്താവ് ?

(1) ലളിതാംബിക അന്തർജനം (2) എം. ലീലാവതി

(3) വി. എം. ഗിരിജ (4) എസ്. ശാരദക്കുട്ടി

38. ശരിയായ കാലക്രമത്തിലുള്ള ഗണമേത് ?

(1) കേരള സാഹിത്യചരിത്രം, മലയാള ഭാഷാ ചരിത്രം, കേരള ഭാഷാ സാഹിത്യ ചരിത്രം, കൈരളിയുടെ കഥ

(2) മലയാള ഭാഷാ ചരിത്രം, കേരള സാഹിത്യ ചരിത്രം, കൈരളിയുടെ കഥ, കേരള ഭാഷാ സാഹിത്യ ചരിത്രം

(3) മലയാള ഭാഷാ ചരിത്രം, കേരള ഭാഷാ സാഹിത്യ ചരിത്രം, കേരള സാഹിത്യ ചരിത്രം, കൈരളിയുടെ കഥ

(4) കേരള സാഹിത്യ ചരിത്രം, കേരള ഭാഷാ സാഹിത്യ ചരിത്രം, മലയാള ഭാഷാ ചരിത്രം, കൈരളിയുടെ കഥ

39. മാപ്പിളപ്പാട്ടുകൾ പഠിച്ച് ഇംഗ്ലീഷിൽ പഠന റിപ്പോർട്ട് തയ്യാറാക്കി ഇന്ത്യൻ ആന്റിക്വറിയിൽ പ്രസിദ്ധീകരിച്ച വിദേശി :

(1) ഗുണ്ടർട്ട് (2) ലോഗൻ (3) പെഴ്സി മക്വീൻ (4) എഫ്. ഫാസ്റ്റ്

40. ചേരുംപടി ചേർക്കുക.

മലയാള സാഹിത്യകൃതികളും ഇംഗ്ലീഷ് വിവർത്തകരും.

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | ഇന്ദുലേഖ | (i) | ജെ. ദേവിക |
| (b) | ബാല്യകാലസഖി | (ii) | ആർ. ഇ. ആഷർ |
| (c) | ആടുജീവിതം | (iii) | ഡ്യൂമർഗ്ഗ് |
| (d) | സാറാ ജോസഫിന്റെ കഥകൾ | (iv) | ജോസഫ് കോയിപ്പള്ളി |
| | | (v) | പി. പി. രവീന്ദ്രൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (ii) | (iv) | (i) |
| (2) | (iv) | (ii) | (v) | (i) |
| (3) | (iii) | (i) | (ii) | (iv) |
| (4) | (ii) | (i) | (iii) | (v) |

41. 'വാഗൺ യാത്ര'- ഒരു :

(1) നോവലാണ് (2) ചെറുകഥാ സമാഹാരമാണ്

(3) യാത്രാ വിവരണമാണ് (4) അനുഭവക്കുറിപ്പാണ്

42. 'നിരൂപണ വിഷയമായ ഗ്രന്ഥത്തിന്റെ വിഷയത്തെപ്പറ്റിയല്ല, പിന്നെയോ അതിന്റെ രചനാ രീതിയെക്കുറിച്ചാണ്- അതായത്, അതിനു കാരണമായ സൗന്ദര്യാനുഭവത്തിന്റെ സ്വഭാവം, അതിന്റെ രൂപം, സാങ്കേതിക മാർഗ്ഗം, രീതി എന്നിവയെ പറ്റിയാണ് ഏറിയകൂറും ഒരു നിരൂപകൻ അഭിപ്രായം പറയേണ്ടത്.' എന്നു പറഞ്ഞത്:

(1) കേസരി. എ. ബാലകൃഷ്ണപിള്ള (2) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
(3) മുണ്ടശ്ശേരി (4) കുറ്റിപ്പുഴ കൃഷ്ണപിള്ള

43. ഏതു നോവലിനെഴുതിയ നിരൂപണമാണ് രൂപഭദ്രതാ വാദത്തിന് തിരികൊളുത്തിയത് ?

(1) രണ്ടിടങ്ങഴി (2) ഉമ്മാച്ചു
(3) തോട്ടിയുടെ മകൻ (4) അരനാഴിക നേരം

44. കവി എന്ന നിലയ്ക്ക് ജി. ശങ്കരക്കുറുപ്പിന് സ്വന്തമായ 'വള്ളവും വലയും' ഉണ്ടായിരുന്നില്ല എന്ന് വിമർശിച്ചത് :

(1) കുട്ടികൃഷ്ണ മാരാർ (2) എം.ആർ. നായർ
(3) സുകുമാർ അഴീക്കോട് (4) എം.പി. പോൾ

45. അപനിർമാണ വാദത്തോട് അടുപ്പമുള്ള ഭാരതീയ ചിന്താധാര :

(1) നാഗാർജ്ജുനന്റെയും മറ്റു ബൗദ്ധ ദാർശനികരുടെയും ചിന്തകൾ
(2) അദ്വൈത ചിന്ത
(3) ചാർവാക ദർശനം
(4) തിണസിദ്ധാന്തം

46. ദ്വിതീയ ഭാവനയുടെ വ്യാപാരം :

(1) ജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നല്കൽ
(2) അനുഭൂതികളുടെ കണ്ടെത്തൽ
(3) സ്മൃതിബിംബങ്ങളുടെ സംവിധാനം
(4) അനുഭൂതിക്ക് അപൂർവ്വമായ രൂപഘടന നല്കൽ

47. ചേരുംപടി ചേർക്കുക.

| **പട്ടിക - I** | | **പട്ടിക - II** | |
|---|---|---|---|
| (a) | ദെറിദ | (i) | വിജ്ഞാനത്തിന്റെ ആർക്കിയോളജി |
| (b) | ഫൂക്കോ | (ii) | ട്രെയ്സ് (Trace) |
| (c) | ബക്തിൻ | (iii) | ഹൈബ്രിഡിറ്റി (Hybridity) |
| (d) | ഹോമി ഭാഭ | (iv) | ഡയലോജിസം (Dialogism) |
| | | (v) | ബഹുസ്വരത (Polyphony) |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (i) | (iv) | (iii) |
| (2) | (i) | (ii) | (iii) | (iv) |
| (3) | (iii) | (iv) | (ii) | (i) |
| (4) | (iv) | (v) | (ii) | (i) |

48. ‘എല്ലാ കലകളും അധാർമ്മികമാണ്; എല്ലാ കലകളും നിഷ്പ്രയോജനമാണ്. ’ ആരുടെ വാദം?

(1) ഓസ്കാർ വൈൽഡ് (2) ക്ലൈവ് ബെൽ

(3) മാത്യു ആർനോൾഡ് (4) വാൾട്ടർ പേറ്റർ

49. ന്യൂ ക്രിട്ടിസിസത്തിന്റെ പ്രമുഖ വക്താവ് ?

(1) നോർത്രോപ് ഫ്രൈ (2) ജോൺ ക്രോ റാൾസം

(3) സൂസൻ സൊണ്ടാഗ് (4) എഫ്.ആർ. ലീവീസ്

50. ധ്വനി സിദ്ധാന്തത്തെ പാടെ തിരസ്കരിക്കുന്ന സൈദ്ധാന്തിക ഗ്രന്ഥം :

(1) രസഗംഗാധരം (2) അഭിനവ ഭാരതി

(3) വ്യക്തിവിവേകം (4) സാഹിത്യ ദർപ്പണം

51. ‘കാവ്യം ഗ്രാഹ്യമലങ്കാരാത്’ - ഇവിടെ അലങ്കാരമെന്ന സംജ്ഞകൊണ്ട് അർത്ഥമാക്കുന്നത് :

(1) ശബ്ദാലങ്കാരം

(2) അർത്ഥാലങ്കാരം

(3) ബിംബകല്പന

(4) കാവ്യ സൗന്ദര്യത്തിനു നിയാമകമായ ഘടകങ്ങളെല്ലാം

52. **കാര്യം :** സംസ്കൃത കാവ്യമീമാംസ കവിതയെ പൊതുവേ ഭാഷാനിഷ്ഠമായാണ് സമീപിക്കുന്നത്

**കാരണം :** (a) കാവ്യനിർവചനങ്ങൾ പൊതുവേ ഭാഷാകേന്ദ്രിതമാണ്

(b) നിർവചനങ്ങളുടെ വിശദീകരണങ്ങളിൽ കവി കാര്യമായി പരിഗണിക്കപ്പെടുന്നില്ല.

(c) കവിതയുടെ വ്യാഖ്യാനത്തിൽ നിന്ന് കവിയെയും കാലത്തേയും മാറ്റി നിർത്തുന്നു.

(d) കാവ്യ സമീപനം തന്നെ വ്യാകരണ നിഷ്ഠമാണ്

(1) കാര്യം ശരി, കാരണം **(d)** മാത്രം ശരി

(2) കാര്യം ശരി, കാരണങ്ങൾ **(a)** -ഉം **(b)** -ഉം **(c)** -ഉം ശരി

(3) കാര്യവും കാരണങ്ങൾ **(b)** -ഉം **(c)** -ഉം ശരി

(4) കാര്യം ശരി, കാരണങ്ങൾ തെറ്റ്

53. അടിത്തട്ട്- മേല്പുര വാദത്തിന്റെ യാന്ത്രിക വ്യാഖ്യാനങ്ങളിൽ നിന്നു മാർക്സിയൻ വിമർശനത്തെ വളർത്തിയ നിരൂപകർ : ശരിയായ ഗണം ഏത് ?

(1) ലൂക്കാച്ച്, ഗ്രാംഷി, സ്റ്റ്യുവർട്ട് ഹാൾ

(2) വാൾട്ടർ ബഞ്ചമിൻ, ഗ്രാംഷി, റോമൻ യക്കോബ്സൺ

(3) ക്രിസ്റ്റഫർ കാഡ്വൽ, റയ്മണ്ട് വില്യംസ്, ലൂക്കാച്ച്

(4) ഗ്രാംഷി, റയ്മണ്ട് വില്യംസ്, ഫ്രെഡറിക് ജയിംസൺ

54. ചേരുംപടി ചേർക്കുക.

'പ്രതിഭ' എന്നത് :

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | നവനവോന്മേഷശാലിനിയായ പ്രജ്ഞ | (i) | അഭിനവഗുപ്തൻ |
| (b) | അപൂർവ്വ വസ്തു നിർമ്മാണക്ഷമമായ പ്രജ്ഞ | (ii) | വാഗ്ഭടൻ |
| (c) | സർവതോമുഖിയായി സ്ഫുരിക്കുന്ന ബുദ്ധി | (iii) | വാമനൻ |
| (d) | കവിത്വബീജം | (iv) | വിശ്വനാഥൻ |
| | | (v) | ഭട്ടതൗതൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (v) | (i) | (ii) | (iii) |
| (2) | (ii) | (iii) | (iv) | (i) |
| (3) | (iv) | (ii) | (iii) | (v) |
| (4) | (i) | (iv) | (v) | (ii) |

55. ഭട്ടനായകൻ രസാസ്വാദനത്തിൽ മൂന്നു പടവുകൾ കല്പിക്കുന്നു. ഇതിൽ പെടാത്തത്:

(1) അഭിധായകത്വം (2) ഭോജകത്വം (3) സഹൃദയത്വം (4) ഭാവകത്വം

56. കേരള പാണിനീയത്തിന്റെ വ്യാകരണ സമ്പ്രദായം :

(1) താരതമ്യാത്മകം (2) ആഗമികം

(3) സൂത്ര-വൃത്തി-ഭാഷ്യ മാതൃക (4) നിർദ്ദേശാത്മകം

57. **കാര്യം :** ഭാഷാഭേദങ്ങളെക്കുറിക്കുന്ന സമഭാഷാംശസീമാ രേഖ ദുർഗമ പ്രദേശങ്ങളിൽ നിന്ന് അകന്നു പോകുന്നു.

**കാരണം :** **(a)** ദുർഗമപ്രദേശങ്ങളിൽ കാര്യമായ ഭാഷാ പരിവർത്തനങ്ങൾ സംഭവിക്കുന്നില്ല.

**(b)** ഭാഷാപരിവർത്തനങ്ങൾ കണ്ടെത്താൻ പഠിതാക്കൾക്കു പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(1) കാര്യവും കാരണം **(a)** -ഉം ശരി (2) കാര്യവും കാരണം **(b)** -ഉം ശരി

(3) കാര്യം ശരി, കാരണങ്ങൾ തെറ്റ് (4) കാര്യവും കാരണങ്ങളും ശരി

58. സ്വരങ്ങളുടെ വർഗീകരണത്തിനടിസ്ഥാനം :

(a) ശ്വാസ പ്രവാഹത്തിന്റെ അളവ് (b) നാവിന്റെ മൊത്തത്തിലുള്ള ഉയരം

(c) നാവിന്റെ ഏറ്റവും ഉയർന്ന ഭാഗം (d) ചുണ്ടുകളുടെ വർത്തുളത

(1) (a) മാത്രം ശരി (2) (a) -ഉം (b) -ഉം ശരി

(3) (a) -ഉം (b) -ഉം (c) -ഉം ശരി (4) എല്ലാം ശരി

59. **കാര്യം :** സൂത്രത്തിൽ നിന്നു ശാസ്ത്രത്തിലേക്കാണ് വ്യാകരണ ഗതിയെന്ന് ജോർജ്ജ് മാത്തൻ.

**കാരണം :** **(a)** വ്യാകരണത്തിൽ നിയമങ്ങൾ വേണമെങ്കിലും യുക്തിവിചാരവും സമർത്ഥനവുമാണ് പ്രധാനം

**(b)** മാറ്റമില്ലാത്ത നിയമങ്ങൾ വേണം വ്യാകരണത്തിൽ

(1) കാര്യവും കാരണം **(a)** -ഉം ശരി (2) കാര്യം ശരി, കാരണം **(a)** -ഉം **(b)** -ഉം ശരി

(3) കാര്യം ശരി, കാരണങ്ങൾ തെറ്റ് (4) കാര്യം ശരി, കാരണം **(b)** മാത്രം ശരി

60. ശ്വാസി - നാദി ഭേദത്തിനു കാരണം :

(1) നാവിന്റെ ഉയരം (2) സ്വനതന്ത്രികളുടെ കമ്പനം

(3) വദനഗഹ്വരത്തിന്റെ ആകൃതി (4) ശ്വാസപ്രവാഹത്തിന്റെ അളവ്

61. രേ ഫ റ കാരങ്ങൾ മലയാളത്തിൽ :

(1) സ്വതന്ത്രവർണ്ണങ്ങൾ (2) ഉപസ്വനങ്ങൾ

(3) ഖരവർണ്ണങ്ങൾ (4) സംയുക്താക്ഷരങ്ങൾ

62. **കാര്യം :** ഭക്ഷണത്തിലും വേഷത്തിലും കേരളത്തിന്റെ വൈവിധ്യ സമൃദ്ധി വിസ്മയകരമാണ്.

**കാരണം :** **(a)** കേരളത്തിന്റെ ബഹുഭാവസംസ്കാരം നാനാതരത്തിലുള്ള സ്വത്വപ്രകാശനങ്ങളിൽ വൈവിധ്യം പ്രകടമാക്കുന്നു.

**(b)** മറുനാടൻ സംസ്കാരങ്ങളെ കേരളീയർ സ്വാഗതം ചെയ്തിരുന്നു.

**(c)** ഇന്നത്തെ കേരളത്തിൽ പ്രവാസികളുടെ പങ്ക് നിർണ്ണായകമാണ്

**(d)** മലയാളിയുടെ അനുകരണ ഭ്രമം

(1) കാര്യം ശരി, കാരണങ്ങൾ **(a)** -ഉം **(b)** -ഉം ശരി

(2) കാര്യം ശരി കാരണങ്ങൾ **(b)** -ഉം **(c)** -ഉം ശരി

(3) കാര്യം ശരി, കാരണങ്ങൾ **(a)** -ഉം **(b)** -ഉം **(c)** ഉം ശരി

(4) കാര്യം ശരി, കാരണം **(d)** മാത്രം ശരി

63. കേരളത്തിൽ അച്ചടി തുടങ്ങിയ കാലക്രമമനുസരിച്ച് താഴെ പറയുന്ന സ്ഥലപ്പേരുകൾ ക്രമീകരിക്കുക.

(1) മാന്നാനം, കൊല്ലം, കോട്ടയം, തലശ്ശേരി

(2) കൊല്ലം, കോട്ടയം, തലശ്ശേരി, മാന്നാനം

(3) കോട്ടയം, തലശ്ശേരി, മാന്നാനം, കൊല്ലം

(4) തലശ്ശേരി, കോട്ടയം, കൊല്ലം, മാന്നാനം

64. 'തിരുവിതാംകൂർ സ്വാതന്ത്ര്യ സമര ചരിത്രം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് :

(1) എ. ശ്രീധരമേനോൻ (2) മലയിൻകീഴ് ഗോപാലകൃഷ്ണൻ

(3) റോസ്കോട്ട് കൃഷ്ണപിള്ള (4) സി. നാരായണപിള്ള

65. **കാര്യം :** കൊച്ചി മുസിരിസ് ബിനാലെ കേരളത്തിന്റെ ഭാവുകത്വപരിണാമത്തിൽ ഒരു പങ്ക വഹിക്കുന്നു.

**കാരണം :** (a) പുതുമകളുടെ പ്രദർശന ശാലയാണ്

(b) പ്രതിഷ്ഠാപനം (Installation) പോലെയുള്ള സങ്കേതങ്ങളിലൂടെ പുതിയ ഭാവുകത്വത്തിനു തുറവി നല്കുന്നു.

(c) ചിത്ര-ശില്പ കലകളിലെ പരമ്പരാഗത സങ്കേതങ്ങളെ പുനരുജ്ജീവിപ്പിക്കുന്നു.

(1) കാര്യം ശരി, കാരണം **(a)** മാത്രമ ശരി

(2) കാര്യം ശരി, കാരണം **(a)** -ഉം **(b)** -ഉം ശരി

(3) കാര്യം ശരി, കാരണം **(b)** -ഉം **(c)** -ഉം ശരി

(4) കാര്യം ശരി, കാരണങ്ങളും ശരി

66. **കാര്യം :** ഭാരതീയ കാവ്യചിന്ത ദളിത്‌വിരുദ്ധമാണെന്ന് പുനർ വായന നടന്നിട്ടുണ്ട്.

**കാരണം :** (a) അത് ജാതിവ്യവസ്ഥയിലധിഷ്ഠിതമായ ഫ്യൂഡലിസ്റ്റ് അധികാരഘടനയുടെ സംഭാവനയാണ്.

(b) അത് എല്ലാ വായനക്കാരെയും ഉൾക്കൊള്ളുന്നില്ല. സഹൃദയർ എന്ന ന്യൂനപക്ഷത്തെ മാത്രമേ സംബോധന ചെയ്യുന്നുള്ളു.

(1) കാര്യം ശരി കാരണം **(a)** മാത്രം ശരി

(2) കാര്യവും കാരണങ്ങളും ശരി

(3) കാര്യം ശരി കാരണം **(b)** മാത്രം ശരി

(4) കാര്യം ശരി കാരണങ്ങൾ തെറ്റ്

67. ബൃഹദാഖ്യാനത്തെ പ്രാദേശികമായ എതിർകഥനത്തിലൂടെ ദൂഷണം ചെയ്യുന്നതാണ് :

(1) ചാക്യാർകൂത്ത് (2) കൂടിയാട്ടം (3) സംഘക്കളി (4) പടയണി

68. മാർക്കോ പോളോ കേരളത്തിൽ കണ്ട മുഖ്യ കാർഷിക വിള :

(1) ഏലം (2) നെല്ല് (3) കുരുമുളക് (4) തെങ്ങ്

69. കുട്ടനാട്ടിലെ കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രം രചിച്ചത് :

(1) കുട്ടനാട് രാമകൃഷ്ണപിള്ള (2) ടി.എം. തോമസ് ഐസക്ക്

(3) ജി. സുധാകരൻ (4) ഏ. കമലാസനൻ

70. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | വൈകുണ്ഠ സ്വാമി | (i) | ആലത്തൂർ സിദ്ധാശ്രമം |
| (b) | ബ്രഹ്മാനന്ദ ശിവയോഗി | (ii) | കേരള മുസ്ലീം ഐക്യസംഘം |
| (c) | വാടപ്പുറം പി. കെ. ബാവ | (iii) | വാല സേവാ സമിതി |
| (d) | വക്കം അബ്ദുൾ ഖാദർ മൗലവി | (iv) | തിരുവിതാംകൂർ ലേബർ അസോസിയേഷൻ |
| | | (v) | സമത്വ സമാജം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (v) | (iv) | (ii) |
| (2) | (v) | (i) | (iv) | (ii) |
| (3) | (v) | (iii) | (ii) | (iv) |
| (4) | (i) | (v) | (ii) | (iv) |

71. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | സാധുജനപരിപാലന സംഘം | (i) | വാഗ്ഭടാനന്ദൻ |
| (b) | പ്രത്യക്ഷ രക്ഷാ ദൈവസഭ | (ii) | അയ്യങ്കാളി |
| (c) | കൊച്ചി പുലയ മഹാസഭ | (iii) | കൃഷ്ണാതി ആശാൻ |
| (d) | ആത്മ വിദ്യാസംഘം | (iv) | പൊയ്കയിൽ യോഹന്നാൻ |
| | | (v) | ശ്രീ നാരായണ ഗുരു |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (iv) | (ii) | (iii) |
| (2) | (v) | (iv) | (i) | (ii) |
| (3) | (ii) | (iv) | (iii) | (i) |
| (4) | (iii) | (v) | (i) | (ii) |

72. ഓഹരി വില ഉയർന്നു എന്ന പ്രയോഗത്തിൽ :

(1) ഉപമാലങ്കാരം (2) ഉത്പ്രേക്ഷാലങ്കാരം
(3) മെറ്റഫർ (4) മെറ്റോണമി

73. കാവ്യബിംബങ്ങളെയും ആന്തരാർത്ഥങ്ങളെയും പ്രതീകങ്ങളെയും ചിഹ്നങ്ങളെയും ഉൾക്കൊള്ളാൻ കഴിയുന്ന തൊൽകാപ്പിയ സങ്കല്പനമാണ് :

(1) കരുപ്പൊരുൾ (2) ഉള്ളുറൈ ഉപമ (3) മെയ്പ്പാട് (4) തിണ

74. 'കാർകുഴലി' എന്ന സമാഹാരം :

(1) തിരുവാതിരപ്പാട്ടുകൾ (2) മാപ്പിളപ്പാട്ടുകൾ
(3) ജൂതരുടെ മലയാളം പെൺപാട്ടുകൾ (4) നസ്രാണികളുടെ പെൺപാട്ടുകൾ

75. ജനപ്രിയ സംസ്കാരത്തിന്റെ മാതൃക :

(1) കവിത (2) കഥകളി (3) പരസ്യം (4) ബിനാലെ

- o 0 o -

**Space For Rough Work**